## 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **31-08-2022 - ൽ മറുപടിയ്ക്ക്**

## മത്സ്യഭവനുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന മത്സ്യഭവനുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും മത്സ്യഭവനുകൾ നിലവിലില്ല. ആകെ 67 മത്സ്യഭവനുകളാണ് നിലവിലുള്ളത് ഇതിൽ 55 എണ്ണം മത്സ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന തീരദേശങ്ങളിലും 12 എണ്ണം ഇൻലാൻഡ് മേഖലയിലുമാണ് പ്രവർത്തിച്ചു വരുന്നത്.<br><br>29.10.2019-ലെ സ.ഉ.(പി)നം. 40/2019/മ.തു.വ. പ്രകാരം സർക്കാർ മത്സ്യഭവനുകളുടെ അധികാര പരിധി നിശ്ചയിച്ചിട്ടുണ്ട്. മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, ഫിഷറീസ് ഓഫീസർ ലെവൽ ഓഫീസർമാരാണ് ചുമതലയിലുള്ളത്. മത്സ്യബന്ധന മേഖലയിലെ വിവിധ വികസന ക്ഷേമ പദ്ധതികളുടെ നിർവ്വഹണം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ഘടക പദ്ധതികളുടെ നിർവ്വഹണം എന്നിവയാണ് മത്സ്യഭവന്റെ പ്രധാന ചുമതല. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി വകുപ്പ് നിശ്ചയിക്കും പ്രകാരം ആവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, വിവിധ പദ്ധതികളെ സംബന്ധിച്ച് മത്സ്യകർഷകർക്ക് വേണ്ട അവബോധം നൽകുക, സർക്കാരിന്റെയും വകുപ്പിന്റെയും പ്രവർത്തനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് താഴെ തട്ടിലെ ജനങ്ങളിലേയ്ക്ക് എത്തിക്കുക, മത്സ്യ കർഷക വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നിവയൊക്കെയാണ് മത്സ്യഭവൻ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ. |
| (ബി) | മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ | (ബി) | മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ |

| | | | |
|---|---|---|---|
| | ജനകീയമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | ജനകീയമാക്കുന്നതിനായി നിലവിലുള്ള 67 മത്സ്യഭവനുകൾക്ക് പുറമെ 33 മത്സ്യഭവനുകൾ കൂടി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മത്സ്യഭവനുകൾ കേന്ദ്രീകരിച്ച് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ , ഫിഷറീസ് ഓഫീസർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട് ടി ഉദ്യോഗസ്ഥർ, മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും മത്സ്യത്തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വില്ലേജ് തല, ജില്ലാതല, സംസ്ഥാന തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്, |

സെക്ഷൻ ഓഫീസർ